# മടവൂർ വിഭാഗം സലഫികളോ...?!

**ഭാഗം – 3**

## മുഅ്തസിലീ അഖ്വീദ

അബ്ദുൽമാലിക് മൊറയൂർ

മുഅ്തസിലികളുടെയും ജഹ്മിയ്യാക്കളുടെയുമെല്ലാം പിഴച്ച അഖീദയുടെ മാറാപ്പും പേറിനടക്കുന്ന മടവൂർ വിഭാഗം, തൗഹീദുൽ അസ്മാഇ വസ്സ്വിഫാത്തിന്റെ വിഷയത്തിൽ സലഫിന്റെ മാർഗത്തിൽ നിന്ന് ഏറെദൂരത്താണ് എന്ന സത്യം തെളിവുകൾ സഹിതം വിശദമാക്കുകയുണ്ടായി.[1] ഇതിന് പുറമെ അഖീദയുടെ പലവിഷയങ്ങളിലും ഇവർക്ക് ശുദ്ധമുഅ്തസിലീ വിശ്വാസമാണുള്ളത്. ക്വുർആനിലും സുന്നത്തിലും കൃത്യമായി പറഞ്ഞ സംഗതിയാണെങ്കിലും തങ്ങളുടെ മുഅ്തസിലത് നിലനിർത്താൻ അവയെയെല്ലാം തള്ളുകയും ദുർവ്യാഖ്യാനിക്കുകയും ചെയ്യുക എന്നത് ഇവർ ഇപ്പോൾ ഒരു നയമായി സ്വീകരിച്ചിരിക്കുന്നു. ക്വുബൂരികളുമായി തോളുചേർന്ന് മുജാഹിദുകളെ നശിപ്പിക്കാമെന്ന വ്യാമോഹവുമായി ഊരുചുറ്റുന്നവർക്ക് ഒരു പക്ഷെ ഇതൊന്നും തിരിഞ്ഞെന്ന് വരില്ല. ''മുജ്തഹിദ് മുത്‌ലഖു''കളുടെ ലോകത്തിലെ തന്നെ അപൂർവ്വസംഘമായ മടവൂരികൾ ഇപ്പോൾ അഹങ്കാരത്തിന്റെയും കുശുമ്പിന്റെയും മേൽ കുപ്പായവുമിട്ട് പൈശാചിക ഗവേഷണങ്ങൾ നടത്താൻ വേണ്ടി ഒരുമ്പെട്ടിറങ്ങിയിരിക്കുകയാണ്. അവസാനം തലതിരിഞ്ഞ ഗവേഷണങ്ങൾ ക്വുർആനിന്റെയും ഹദീഥിന്റെയും ആശയങ്ങളെ പരസ്യമായി നിഷേധിക്കുന്നേടം വരെ എത്തിയിരിക്കുന്നു. അത്തരത്തിൽ, മുഅ്തസിലീ വിശ്വാസം തലയിൽ പേറി ഇവർ നടത്തിയ ചില സലഫീവിരുദ്ധ ''ഗവേഷണ'ണങ്ങളുടെ ഏതാനും സാമ്പിളുകളാണ് നിങ്ങൾ കാണാൻ പോവുന്നത്. മടവൂരികൾ സലഫികളാണോ എന്ന് അവരുടെ ഇത്തരം വരികളിലൂടെ തന്നെ നിങ്ങൾക്ക് വിലയിരുത്താവുന്നതാണ്.

ഈമാൻ കാര്യങ്ങളിൽപ്പെട്ട ഒന്നാണല്ലോ പരലോക വിശ്വാസം. പരലോക വിശ്വാസത്തിന്റെ പരിധിയിൽ വരുന്നതാണ് സ്വർഗനരകങ്ങളെ കുറിച്ചുള്ള വിശ്വാസം. സ്വർഗ നരകങ്ങളെ സംബന്ധിച്ചുള്ള വിശ്വാസത്തിന്റെ ഭാഗമാണ് അവ ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ ഇല്ലേ എന്ന വിഷയം. ഈ വിഷയത്തിൽ ഇസ്‌ലാമികപ്രമാണങ്ങൾ പരിശോധിക്കുന്ന ആർക്കും ഒരു സംശയത്തിനും ഇടനൽകാത്തവിധം കാര്യങ്ങൾ വ്യക്തമാണ്. അഥവാ സ്വർഗവും നരകവും സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു; അതിലേക്കുള്ള ആളുകളെയും തീരുമാനിക്കപ്പെട്ടു കഴിഞ്ഞു. അല്ലാഹു പറയുന്നത് നോക്കൂ:

فَٱتَّقُوا۟ ٱلنَّارَ ٱلَّتِى وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ ۖ أُعِدَّتْ لِلْكَٰفِرِينَ

''മനുഷ്യരും കല്ലുകളും ഇന്ധനമായി കാണിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ സൂക്ഷിക്കുക. സത്യനിഷേധികൾക്കായി തയ്യാർ ചെയ്ത് വെക്കപ്പെട്ടതാകുന്നു അത്.''(2:24)

وَٱتَّقُوا۟ ٱلنَّارَ ٱلَّتِىٓ أُعِدَّتْ لِلْكَٰفِرِينَ

''സത്യനിഷേധികൾക്കു വേണ്ടി ഒരുക്കിവെക്കപ്പെട്ട നരകാഗ്നിയെ നിങ്ങൾ സൂക്ഷിക്കണം'' (3:131)

[1] http://salafivoice.com/articles/Madavoor_Vibagam_Salafikalo_2.pdf കാണുക.

وَسَارِعُوٓا۟ إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا ٱلسَّمَـٰوَٰتُ وَٱلْأَرْضُ أُعِدَّتْ لِلْمُتَّقِينَ

‘‘നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമിയോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കുവാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്ന വർക്കുവേണ്ടി അത് തയ്യാർ ചെയ്യപ്പെട്ടിരിക്കുന്നു‘‘.(3:133)

وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُۥ جَهَنَّمُ خَـٰلِدًا فِيهَا وَغَضِبَ ٱللَّهُ عَلَيْهِ وَلَعَنَهُۥ وَأَعَدَّ لَهُۥ عَذَابًا عَظِيمًا

“ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊലപ്പെടുത്തുന്ന പക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും, അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അവന്നുവേണ്ടി അല്ലാഹു ഒരുക്കിവെച്ചുട്ടുള്ളത്.’’ (4:93)

إِنَّ ٱللَّهَ أَعَدَّ لِلْكَـٰفِرِينَ عَذَابًا مُّهِينًا

“തീർച്ചയായും അല്ലാഹു സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്.’’ (4:102)

أَعَدَّ ٱللَّهُ لَهُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ

“അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ ഒരുക്കിവെച്ചിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം.’’ (9:89)

وَٱلسَّـٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَـٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَـٰنٍ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ وَأَعَدَّ لَهُمْ جَنَّـٰتٍ تَجْرِى تَحْتَهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَآ أَبَدًا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ

“മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം.’’ (9:100)

لِّيَسْـَٔلَ ٱلصَّـٰدِقِينَ عَن صِدْقِهِمْ ۚ وَأَعَدَّ لِلْكَـٰفِرِينَ عَذَابًا أَلِيمًا

“അവന് സത്യവാൻമാരോട് അവരുടെ സത്യസന്ധതയെപ്പറ്റി ചോദിക്കുവാൻ വേണ്ടിയത്രെ അത്. സത്യനിഷേധികൾക്ക് അവൻ വേദനയേറിയ ശിക്ഷ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.’’ (33:8)

وَإِن كُنتُنَّ تُرِدْنَ ٱللَّهَ وَرَسُولَهُۥ وَٱلدَّارَ ٱلْـَٔاخِرَةَ فَإِنَّ ٱللَّهَ أَعَدَّ لِلْمُحْسِنَـٰتِ مِنكُنَّ أَجْرًا عَظِيمًا

‘‘അല്ലാഹുവെയും അവന്റെ ദൂതനെയും പരലോകഭവനത്തെയുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങളുടെ കൂട്ടത്തിൽ സദ്‌വൃത്തകളായിട്ടുള്ളവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്.’’ (33:29)

إِنَّ ٱلْمُسْلِمِينَ وَٱلْمُسْلِمَٰتِ وَٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ وَٱلْقَٰنِتِينَ وَٱلْقَٰنِتَٰتِ وَٱلصَّٰدِقِينَ وَٱلصَّٰدِقَٰتِ وَٱلصَّٰبِرِينَ وَٱلصَّٰبِرَٰتِ وَٱلْخَٰشِعِينَ وَٱلْخَٰشِعَٰتِ وَٱلْمُتَصَدِّقِينَ وَٱلْمُتَصَدِّقَٰتِ وَٱلصَّٰٓئِمِينَ وَٱلصَّٰٓئِمَٰتِ وَٱلْحَٰفِظِينَ فُرُوجَهُمْ وَٱلْحَٰفِظَٰتِ وَٱلذَّٰكِرِينَ ٱللَّهَ كَثِيرًا وَٱلذَّٰكِرَٰتِ أَعَدَّ ٱللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا

‘‘(അല്ലാഹുവിന്) കീഴ്പെടുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷൻമാർ, സ്ത്രീകൾ, ഭക്തിയുള്ളവരായ പുരുഷൻമാർ, സ്ത്രീകൾ, സത്യസന്ധരായ പുരുഷൻമാർ, സ്ത്രീകൾ, ക്ഷമാശീലരായ പുരുഷൻമാർ, സ്ത്രീകൾ വിനീതരായ പുരുഷൻമാർ, സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, ധാരാളമായി അല്ലാഹുവെ ഓർമിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ – ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു.’’ (33: 35)

تَحِيَّتُهُمْ يَوْمَ يَلْقَوْنَهُۥ سَلَٰمٌ ۚ وَأَعَدَّ لَهُمْ أَجْرًا كَرِيمًا

‘‘അവർ അവനെ കണ്ടുമുട്ടുന്ന ദിവസം അവർക്കുള്ള അഭിവാദ്യം സലാം ആയിരിക്കും. അവർക്കവൻ മാന്യമായ പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്.’’ (33:44)

إِنَّ ٱلَّذِينَ يُؤْذُونَ ٱللَّهَ وَرَسُولَهُۥ لَعَنَهُمُ ٱللَّهُ فِى ٱلدُّنْيَا وَٱلْءَاخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا

‘‘അല്ലാഹുവെയും അവന്റെ റസൂലിനെയും ദ്രോഹിക്കുന്നവരാരോ അവരെ ഇഹത്തിലും പരത്തിലും അല്ലാഹു ശപിച്ചിരിക്കുന്നു. അവർക്കുവേണ്ടി അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെച്ചിട്ടുമുണ്ട്.’’ (33:57)

إِنَّ ٱللَّهَ لَعَنَ ٱلْكَٰفِرِينَ وَأَعَدَّ لَهُمْ سَعِيرًا

‘‘തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിക്കുകയും അവർക്കുവേണ്ടി ജ്വലിക്കുന്ന നരകാഗ്നി ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.’’ (33:64)

وَيُعَذِّبَ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ وَٱلْمُشْرِكِينَ وَٱلْمُشْرِكَٰتِ ٱلظَّآنِّينَ بِٱللَّهِ ظَنَّ ٱلسَّوْءِ ۚ عَلَيْهِمْ دَآئِرَةُ ٱلسَّوْءِ ۖ وَغَضِبَ ٱللَّهُ عَلَيْهِمْ وَلَعَنَهُمْ وَأَعَدَّ لَهُمْ جَهَنَّمَ ۖ وَسَآءَتْ مَصِيرًا

‘‘അല്ലാഹുവെപ്പറ്റി തെറ്റായ ധാരണവെച്ചുപുലർത്തുന്ന കപടവിശ്വാസികളെയും കപട വിശ്വാസിനികളെയും ബഹുദൈവവിശ്വാസികളെയും ബഹുദൈവവിശ്വാസിനികളെയും ശിക്ഷിക്കുവാൻ വേണ്ടിയുമാണത്. അവരുടെ മേൽ തിൻമയുടെ വലയമുണ്ട്. അല്ലാഹു

അവരുടെ നേരെ കോപിക്കുകയും അവരെ ശപിക്കുകയും, അവർക്ക് വേണ്ടി നരകം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. ചെന്നുചേരാനുള്ള ആ സ്ഥലം എത്രമോശം.'' (48:6)

أَعَدَّ ٱللَّهُ لَهُمۡ عَذَابًا شَدِيدًاۖ إِنَّهُمۡ سَآءَ مَا كَانُواْ يَعۡمَلُونَ

''അല്ലാഹു അവർക്ക് കഠിനമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു. തീർച്ചയായും അവർ ചെയ്തുകൊണ്ടിരിക്കുന്ന കാര്യം എത്രയോ ദുഷിച്ചതായിരിക്കുന്നു.'' (58:15)

أَعَدَّ ٱللَّهُ لَهُمۡ عَذَابًا شَدِيدًاۖ

''അല്ലാഹു അവർക്കു കഠിനമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു.'' (65:10)

يُدۡخِلُ مَن يَشَآءُ فِي رَحۡمَتِهِۦۚ وَٱلظَّٰلِمِينَ أَعَدَّ لَهُمۡ عَذَابًا أَلِيمَۢا

''അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ കാരുണ്യത്തിൽ അവൻ പ്രവേശിപ്പിക്കുന്നതാണ്. അക്രമകാരികൾക്കാവട്ടെ അവൻ വേദനയേറിയ ശിക്ഷ ഒരുക്കി വെച്ചിരിക്കുന്നു.'' (76:31)

ഈ ആയത്തുകളിൽ നിന്നെല്ലാം തന്നെ സ്വർഗനരകങ്ങൾ തയ്യാർ ചെയ്യപ്പെട്ടുകഴിഞ്ഞു എന്ന കാര്യം വ്യക്തമായിതന്നെ മനസ്സിലാക്കാനാവും. മാത്രവുമല്ല ഹദീഥിന്റെ ഗ്രന്ഥങ്ങളിൽ അനവധി തെളിവുകൾ ഈ വിഷയത്തിൽ നമുക്ക് കാണാവുന്നതാണ്. ബുഖാരിയിലെ 'സൃഷ്ടിയുടെ തുടക്കം' (ബദ്ഉൽ ഖൽക്) എന്ന അദ്ധ്യായത്തിൽ 'സ്വർഗം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്' നരകം 'സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്' എന്നിങ്ങനെ രണ്ട് ബാബുകൾ തന്നെ കാണാം. അതിലെ ഒരു ഹദീഥ് കാണുക:

''ഇബ്നു ഉമർ(റ)പറഞ്ഞു: നബി(സ)പറയുകയുണ്ടായി: നിങ്ങളിൽ ആരെങ്കിലും മരിച്ചാൽ രാവിലെയും വൈകുന്നേരവും തന്റെ ഇരിപ്പിടം അവന് കാണിക്കപ്പെടും. സ്വാർഗാവകാശിയാണെങ്കിൽ സ്വർഗത്തിൽ നിന്നും നരകാവകാശിയാണെങ്കിൽ നരകത്തിൽ നിന്നും. എന്നിട്ടവനോട് പറയപ്പെടും. അന്ത്യനാൾ വരേക്കും ഇതാണ് നിന്റെ ഇരിപ്പിടം''. (ബുഖാരി: 1379, മുസ്‌ലിം 2866)

സൃഷ്ടിക്കപ്പെട്ട സ്വർഗനരകങ്ങളാണ് ആ മനുഷ്യന് അല്ലാഹുകാണിച്ച് കൊടുക്കുന്നത് എന്ന് വിശദീകരണമില്ലാതെ തന്നെ വ്യക്തമാണല്ലോ. അപ്രകാരം തന്നെ ഇസ്റാഅ്-മിഅ്റാജിന്റെ സംഭവം വിവരിക്കുന്ന ദീർഘമായ ഹദീഥിൽ ''സുമ്മ ദഖൽത്തുൽ ജന്ന'' (പിന്നീട് ഞാൻ സ്വർഗത്തിലേക്ക് പ്രവേശിച്ചു)'' എന്ന് തന്നെ നബി(സ്വ)പറഞ്ഞതായി വന്നിട്ടുണ്ട്. സൃഷ്ടിക്കപ്പെടാത്ത ഒന്നിലേക്കുള്ള പ്രവേശനം അസംഭവ്യമാണല്ലോ. മാത്രവുമല്ല സ്വർഗത്തിൽ ഉമർ(റ)ന് ലഭിക്കാനിരിക്കുന്ന ഒരു മണിമാളികയും നബി(സ്വ) ദർശിച്ചു എന്നും ഹദീഥിൽ പറയുന്നുണ്ട്. ഇല്ലാത്ത മണിമാളിക കാണാനൊക്കുമോ? ഇതിനു പുറമെ, സ്വർഗനരകങ്ങളെ സൃഷ്ടിച്ചതിനു ശേഷം ജിബ്‌രീൽ(അ)യോട് അവപോയി കാണാൻ അല്ലാഹു പറഞ്ഞസംഭവം ഇമാം അഹ്മദ് സ്വഹീഹായ നിലക്ക് ഉദ്ധരിക്കുന്നതും ഈ വിഷയത്തിലെ ഖണ്ഡിതമായ തെളിവുകളിൽ പെട്ടതാണ്. ചുരുക്കത്തിൽ പ്രമാണങ്ങൾ കൊണ്ട് ഖണ്ഡിതമായി തെളിഞ്ഞ വിഷയമാണ് സ്വർഗനരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നത്. പ്രമാണങ്ങൾക്ക് പ്രാമുഖ്യം കൽപിക്കുന്ന അഹ്‌ലുസ്സുന്നയുടെ നിലപാടും ഈ വിഷയത്തിൽ ഇതുതന്നെയാണ്.

ഇമാം ത്വഹാവിയുടെ വാക്കുകൾ നോക്കൂ: ''സ്വർഗവും നരകവും സൃഷ്ടിക്കപ്പെട്ടവയാണ്. അവ ഒരിക്കലും നശിക്കുകയോ ഇല്ലാതാവുകയോ ചെയ്യില്ല.''

ഇമാമവർകളുടെ വാക്കുകൾ വിശദീകരിച്ച് അല്ലാമാ ഇബ്നു അബിൽ ഇസ്സ് പറയുന്നത് കാണുക: ''സ്വർഗനരകങ്ങൾ സൃഷ്ടിക്കപ്പെട്ടതാണെന്നും അവ ഇപ്പോഴും നിലവിലുണ്ടെന്നുമുള്ള

കാര്യത്തിൽ അഹ്ലുസ്സുന്ന യോജിച്ചിരിക്കുന്നു. മുഅ്തസിലികളും ഖ്വദ്‌രിയാക്കളും പ്രത്യക്ഷ പ്പെട്ട് അതിനെ നിഷേധിക്കുന്നതു വരേക്കും ഇതുതന്നെയായിരുന്നു അവസ്ഥ.'' (ശർഹുൽ അഖീദത്തി ത്വഹാവിയ്യാ: പേ:420)

ഇബ്നുഹജർ അസ്ക്വലാനി പറയുന്നു: ''അഹ്ലുസ്സുന്നയിലെ മുഴുവൻ പണ്ഡിതന്മാരും സ്വർഗ നരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന വിഷയത്തിൽ യോജിച്ചിരിക്കുന്നു. മുഅ്തസിലികൾ മാത്ര മാണ് ഇതിന് എതിര് പറഞ്ഞിട്ടുള്ളത്. അവരെ ഖണ്ഡിക്കാനാണ് ഇമാം ബുഖാരി ഈ അദ്ധ്യായം തന്നെ നൽകിയത്.'' (ഫത്ഹുൽ ബാരി: 8:46)

അല്ലാമാ സിദ്ധീഖ് ഹസൻ ഖാൻ തന്റെ 'യക്ളത്തുഉലിൽ ഇഅ്തിബാർ' എന്ന ഗ്രന്ഥവും ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട് (പേ:47). ആധുനിക സലഫീ പണ്ഡിതനായിരുന്ന ശൈഖ് ഉഥൈമിൻ (റഹി) തന്റെ ''അഖീദത്തു അഹ്ലിസ്സുന്നത്തി വൽ ജമാഅ'' എന്ന ഗ്രന്ഥത്തിലും സ്വർഗനരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നതാണ് ശരിയായ വിശ്വാസമെന്ന് രേഖപ്പെടുത്തിയി ട്ടുണ്ട്.

ചുരുക്കത്തിൽ സലഫികൾക്കിടയിൽ അഭിപ്രായ ഭിന്നതയില്ലാത്ത ഒരു വിഷയമാണ് സ്വർഗനര കങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നത്. മുഅ്തസിലികളും ഖ്വദ്‌രിയാക്കളുമാണ് അതിനെ നിഷേ ധിക്കുന്നവർ. സ്വർഗനരകങ്ങൾ അന്ത്യനാളിലാണ് സൃഷ്ടിക്കപ്പെടുക എന്നതാണവരുടെ വാദം. (താഹാവിയ്യ:420)

അതുകൊണ്ടു തന്നെ സ്വർഗനരകങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന് വ്യക്തമായി പറയുന്ന ആയത്തു കളെയും ഹദീഥുകളെയും അലങ്കാരത്തിന്റെ മുടന്തൻ ന്യായവാദം നിരത്തി അവർ തള്ളികളയു കയാണ് ചെയ്യാറുള്ളത്. എന്നാൽ കേരളത്തിലെ മടവൂരികൾ  മുഅ്തസിലിയാക്കളുടെ ഇതേ വാദമാണ് ഇവിടെ  പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്. അവർ എഴുതുന്നു:

''സ്വർഗവും നരകവും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ എന്ന വിഷയത്തിൽ സ്വഹാബീവര്യന്മാരുടെ ഇട യിൽതന്നെ അഭിപ്രായ ഭിന്നതയുണ്ട്. സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് നാം പറയുന്ന പക്ഷവും ഇപ്പോൾ തന്നെ നരകവാസികളെ അതിൽ പ്രവേശിപ്പിച്ചും സ്വർഗവാസികളെ അതിലും പ്രവേ ശിപ്പിച്ചും ശിക്ഷയും രക്ഷയും നൽകുന്നില്ലെന്നു പരിശുദ്ധ ക്വുർആനിന്റെ വ്യക്തവും ഖണ്ഡിത വുമായ അടിസ്ഥാന തത്വമാണ്. പരലോകത്ത് വിചാരണക്ക് ശേഷമാണ് അതു സംഭവിക്കുക എന്ന് നൂറിലധികം ആയത്തുകളിലൂടെ ക്വുർആൻ നമ്മെ പഠിപ്പിക്കുന്നു. അതിനാൽ നരകത്തിൽ പ്രവേശിപ്പിച്ച് ശിക്ഷിക്കപ്പെടുന്നത് ദർശിപ്പിക്കപ്പെട്ടു എന്നു പറയുന്ന ഹദീഥുകൾ സ്വർഗവും നരകവും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്നും സംഭവിക്കാൻ പോവുന്നത് നബി(സ്വ)ക്ക്  ദർശിപ്പിക്കപ്പെട്ട താണെന്നുമുള്ള അഭിപ്രായത്തെ ശക്തിപ്പെടുത്തുന്നു എന്ന് വ്യാഖ്യാനിക്കപ്പെടുന്നു'' (സുല്ലമി യുടെ ബുഖാരി പരിഭാഷ (3/155)

കണ്ടല്ലോ. സ്വഹാബികൾക്കിടയിൽ തന്നെ ഈ വിഷയത്തിൽ അഭിപ്രായ ഭിന്നത ഉണ്ടായിരുന്നു എന്നാണ് ഇവർ തട്ടിവിട്ടിട്ടുള്ളത്. ശുദ്ധകളവാണിത്. നബി(സ്വ)യിൽ നിന്ന് ദീൻ പഠിച്ച ഒരു സ്വഹാബിയും സ്വർഗ നരകം സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നു പറഞ്ഞിട്ടില്ല. അതുണ്ടെന്ന് തെളിയി ക്കാൻ അന്ത്യനാൾ വരേക്കും മടവൂരികളെ കൊണ്ട് സാധ്യവുമല്ല. സ്വഹാബികൾക്കിടയിൽ തന്നെ ഈ വിഷയത്തിൽ അഭിപ്രായ ഭിന്നത ഉണ്ടെന്ന് വരുത്തി തീർത്ത് തങ്ങളുടെ മുഅ്തസിലീ വാദം കേരളമണ്ണിൽ ഇറക്കുമതി ചെയ്യാനാണ് മടവൂരീ പൗരോഹിത്യത്തിന്റെ ഗൂഢശ്രമം. അത് നടക്കുമെന്ന് വിചാരിക്കേണ്ട. മാത്രവുമല്ല, മുഅ്തസിലികളാണ് ആദ്യമായി സ്വർഗ നരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന വാദം ഉന്നയിച്ചത് എന്ന് ഇമാം ത്വഹാവിയും ഇബ്നു ഹജറുൽ അസ്ക്വലാനിയും പറഞ്ഞതും മുമ്പ് ഉദ്ധരിക്കുകയുണ്ടായി. നബി(സ്വ)ക്ക് നര കത്തിലെ ശിക്ഷകൾ കാണിച്ചുകൊടുത്തു എന്ന് പറയുന്ന ഹദീഥുകൾ സ്വർഗ നരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന അഭിപ്രായത്തെ ശക്തിപ്പെടുത്തുന്നു എന്ന് ഇവർ തട്ടിമൂളിക്കുന്നുണ്ട്. ഇത് മുഅ്തസിലുകളുടെ ദുർവ്യാഖ്യാനത്തിന്ന് സമാനമാണ്. സംഭവിക്കാൻ പോവുന്ന കാര്യം മുൻകൂട്ടി കാണിച്ചതാവാം. അതല്ലെങ്കിൽ ആലങ്കാരിക പ്രയോഗമായേക്കാം എന്നു പറഞ്ഞാണ്

മുഅ്തസിലികൾ ഇത്തരം ഹദീഥുകളെ തള്ളാറുള്ളത്. മടവൂരികളും ഇവിടെ ചെയ്തിരിക്കുന്നതും അത് തന്നെയാണ്. അപ്രകാരം തന്നെ സ്വർഗനരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്ന് നിരവധി തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രത്യേക അദ്ധ്യായം തന്നെ ഈ വിഷയത്തിൽ നൽകി കാര്യങ്ങൾ വിശദമാക്കിയ ഇമാം ബുഖാരി(റഹി)യെ തന്നെ തിരുത്താനും മടവൂരികൾ ധൃഷ്ടരായിട്ടുണ്ട്. മുഅ്തസിലികളെ ഖണ്ഡിക്കാനാണ് ഇമാം ബുഖാരി സ്വർഗം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്, നരകം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നീ രണ്ട് അദ്ധ്യായങ്ങൾ തന്നെ നൽകിയത്. എന്നാൽ ഇമാം ബുഖാരിയുടെ പ്രസ്തുത അദ്ധ്യായങ്ങളെ കുറിച്ച് മുഅ്തസിലി രോഗം ബാധിച്ച മടവൂരികളുടെ കമന്റ് കാണുക:

‘‘നരകം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് സമർത്ഥിക്കുവാൻ ബുഖാരി ഈ അദ്ധ്യായത്തിൽ ഉദ്ധരിച്ച ഒരു ഹദീഥും ഖണ്ഡിതമായതല്ല. ചിലത് സാഹിത്യ പ്രയോഗം ഉൾകൊള്ളുന്നതും ചിലത് സംഭവിക്കാൻ പോവുന്നതും മുൻകൂട്ടി നബി(സ്വ)ക്ക് ദർശിക്കപ്പെട്ടതുമാണ്. പുറമെ ഖുർആൻകൊണ്ടോ മുതവാതിറായ ഹദീഥുകൾ കൊണ്ടോ മാത്രമെ വിശ്വാസ കാര്യങ്ങൾ സ്ഥിരപ്പെടുകയൊള്ളൂ. ജംഉൽ ജവാമിഅ്’’ (സുല്ലമിയുടെ ബുഖാരി പരിഭാഷ 3/160)

നോക്കൂ! നരകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന അദ്ധ്യായത്തിൽ പത്തോളം ഹദീഥുകളിൽ ഒന്നുപോലും ഖണ്ഡിതമല്ലത്രെ! മാത്രവുമല്ല വിശ്വാസകാര്യങ്ങൾക്കാണെങ്കിൽ ഇത്തരം ഹദീഥുകൾ കൊള്ളുകയുമില്ലത്രെ! പാവം ബുഖാരി! മടവൂരികളെന്ന മഹാ മുഹദ്ദിഥുകളുടെയത്ര ‘‘വിവരം’’ ഇമാം ബുഖാരിക്കില്ലാതെ പോയതിൽ ഇമാം ബുഖാരിയോട് നമുക്ക് ക്ഷമിക്കാം. എന്നാൽ സ്വർഗ നരകങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന് ഹദീഥുകൾ ഉദ്ധരിച്ച് തെളിയിച്ച ഇമാം ബുഖാരിയെ തിരുത്താൻ ശ്രമിക്കുന്ന ഇവർ ചില കാര്യങ്ങൾ വിശദീകരിക്കണം. ബുഖാരി ഉദ്ധരിച്ച ഹദീഥുകൾ എന്തടിസ്ഥാനത്തിലാണ് നിങ്ങൾ ഖണ്ഡിതമല്ല എന്ന പറയുന്നത്? ചില ഹദീഥുകൾ ആലങ്കാരിക പ്രയോഗമുൾകൊള്ളുന്നതാണെന്ന് പറഞ്ഞല്ലോ! ഏതൊക്കെയാണ് ആ ഹദീഥുകൾ? വിശ്വാസകാര്യങ്ങൾക്ക് ഇത്തരം ഹദീഥുകൾ പറ്റില്ല എന്ന കാര്യം ഇമാം ബുഖാരി (റഹി)ക്ക് പരിചയമുള്ള വാദമായിരുന്നെങ്കിൽ മഹാനവർകൾ ഈ വിഷയത്തിൽ പിന്നെ എന്തിനീ ഹദീഥുകൾ ഉദ്ധരിച്ചു? അതിനർത്ഥം ഇമാം ബുഖാരി(റഹി)ക്ക് പരിചയമില്ലാത്ത വാദമാണ്, നിങ്ങൾ ഹദീഥുകളെ തള്ളിക്കളയാൻ ഇപ്പോൾ ഏറ്റിനടക്കുന്ന അഹ്ലുൽ കലാമിന്റെ വാദം എന്നല്ലേ? (ഖബറുൽ ആഹാദിനെകുറിച്ചുള്ള മടവൂരികളുടെ പിഴച്ച വാദങ്ങളെ വിശദമായി പിന്നീട് നാം ചർച്ചചെയ്യുണ്ട്. ഇൻശാഅല്ലാ).

ചുരുക്കത്തിൽ സ്വർഗനരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന മുഅ്തസിലീവാദം സ്ഥാപിക്കാൻ എന്തൊക്കെ പുൽകൊടികളാണ് മടവൂരികൾ പിടിച്ചുനോക്കുന്നത്. പക്ഷെ അതിനൊന്നും തെളിവുകളുടെ മുന്നിൽ നിലനിൽപില്ല. ഈ വിഷയത്തിലെ ദുർവ്യാഖ്യാനം മടവൂരികളുടെ മുഅ്തസിലീമുഖം ഒന്നുകൂടി വ്യക്തമാക്കാനേ ഉപകരിക്കൂ.

മാത്രവുമല്ല, ഇസ്രാഅ്-മിഅ്റാജിന്റെ സംഭവം വിവരിക്കുന്ന ദീർഘമായ ഹദീഥിനെ ദുർവ്യാഖ്യാനിച്ച് അത് കേവലം ആത്മീയം മാത്രമായിരുന്നു, ശാരീരികമായിരുന്നില്ല എന്നും ഇവർ തട്ടിവിട്ടിട്ടുണ്ട് അവിടെ ശാരീരികമായിരുന്നില്ല എന്ന അവരുടെ പിഴച്ച വാദത്തിന് ചില ‘‘തെളിവുകൾ’’ അവർ നിരത്തിയ കൂട്ടത്തിൽ ഒന്ന് പറഞ്ഞത് സ്വർഗത്തിൽ നബി(സ്വ) പ്രവേശിച്ചു എന്ന് പറയുന്നു എന്നാണ് (ബുഖാരി പരിഭാഷ സുല്ലമി 1/267) അഥവാ സ്വർഗ നരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലല്ലോ പിന്നെ എങ്ങനെയാണ് നബി(സ്വ) ശരീരത്തോട് കൂടി അതിലേക്ക് പ്രവേശിച്ചു എന്ന് പറയുക. അതിനാൽ അത് ആത്മീയമായിരുന്നു എന്നതാണ് മടവൂരികളുടെ ഗവേഷണം. ഇസ്രാഅ് ആത്മീയമോ ശാരീരികമോ എന്ന് നാം വേറെ ചർച്ച ചെയ്യുന്നതാണ്. ഇൻശാഅല്ലാ. ഇവിടെ നമ്മുടെ വിഷയം ഇസ്രാഅ് ശാരീരികമല്ല എന്ന് പറയാൻ അവർ പറഞ്ഞൊരു ന്യായമാണ്. അത് സ്വർഗനരകം സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന മുഅ്തസിലി അഖീദയുടെ ഭാഗമായി അവർക്ക് കിട്ടിയതാണ്. സ്വർഗ നരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന മുഅ്തസിലികളുടെ അഖീദ തന്നെയാണ് മടവൂരികൾക്കുമുള്ളതെന്ന് ഈ തെളിവിലൂടെയും തെളിഞ്ഞു കഴിഞ്ഞു. മുഅ്തസിലികളിൽ നിന്ന് വ്യത്യസ്തമായ ഒരു അഭിപ്രായമാണ് മടവൂരികൾക്ക് ഉണ്ടായിരുന്നതെങ്കിൽ ഈ ‘‘ന്യായം’’ അവർ നിരത്തുമായിരുന്നില്ല.

സ്വർഗ നരകങ്ങളെ കുറിച്ച് തങ്ങളുടെ മുഅ്തസിലി അഖീദക്കെതിരെ ആയത്തുകളോ ഹദീഥുകളോ കണ്ടാൽ അവയെല്ലാം വിമർശിക്കുകയോ ദുർവ്യാഖ്യാനിക്കുകയോ ചെയ്യുക എന്നതും മടവൂരികളുടെ ഒരു ഏർപ്പാടായി തീർന്നിരിക്കുന്നു. നരകത്തെ കുറിച്ചും അതിന്റെ ശിക്ഷാരീതികളെ കുറിച്ചും അതിൽ നിന്ന് അവസാനം പുറത്ത് കടക്കുന്ന ഒരാളുടെ അവസ്ഥയെ കുറിച്ചും നബി(സ്വ) വിശദമായി പഠിപ്പിച്ചത് ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ഉദ്ധരിക്കുന്നുണ്ട്. (കിതാബു സ്വലാത്തിൽ സുജൂദിന്റെ പുണ്യം വിവരിക്കുന്ന അധ്യായം). നരകത്തിന്റെ സൃഷ്ടിപ്പിനെ കുറിച്ചും അതിലെ ശിക്ഷകളുടെ രൂപത്തെ കുറിച്ചും വിശ്വാസി സമൂഹത്തിന് ഏറെ അറിവുകൾ നൽകുന്ന ഒരു ഹദീഥാണ് ഇത്. പക്ഷെ മുഅ്തസിലത്തിന്റെ പൂപ്പൽ ബാധിച്ച മടവൂരികളുടെ ബുദ്ധിയിലുണ്ടോ ഈ ഹദീഥ് ഒതുങ്ങുന്നു. അവരുടെ കമന്റ് കാണുക:

''പരിശുദ്ധ ഖുർആനിന്റെ അടിസ്ഥാന തത്വങ്ങളും നരകത്തെ കുറിച്ചും അതിലേക്കുള്ള പ്രവേശനത്തെ കുറിച്ചും മറ്റും ഖുർആൻ നൽകുന്ന വിവരണങ്ങളും മനുഷ്യന്റെ പ്രാഥമിക ബുദ്ധിയും മറ്റുള്ളവുരുടെ സ്ഥിരപ്പെട്ട ഹദീഥുകളും മുന്നിൽവെച്ച് കൊണ്ട് പണ്ഡിതന്മാർ ഈ ഹദീഥിനെ വിമർശിക്കാൻ സാധ്യതയുണ്ട്. ''(സുല്ലമിയുടെ ബുഖാരി പരിഭാഷ 1/471)

ക്വുർആനും ഹദീഥും ബുദ്ധിയും ഉപയോഗിച്ച് പണ്ഡിതന്മാർ ഈ ഹദീഥിനെ വിമർശിക്കാൻ സാധ്യതയുണ്ടത്രെ! വല്ലാത്തൊരു കണ്ടെത്തൽ തന്നെ! ക്വുർആനും ഹദീഥും പഠിപ്പിച്ച നബി(സ്വ) ആണ് ഈ ഹദീഥ് പറഞ്ഞത്. അത് കേട്ടതാവട്ടെ മതവിജ്ഞാനത്തിലെ സാഗരങ്ങളായ സ്വഹാബികളും. അത് ഉദ്ധരിച്ചത് മഹത്തുക്കളും നീതിമാന്മാരുമായ പണ്ഡിതന്മാരും. ഇവർക്കൊന്നും തിരിയാത്ത ഒരു സാധ്യത മടവൂരികൾ മുഅ്തസിലികളുടെ കുപ്പത്തൊട്ടിയിൽ നിന്ന് മാന്തി കൊണ്ട് വന്നിരിക്കുകയാണ്. മടവൂരികൾ പറയുമ്പോലെ ഒരു സാധ്യത പ്രസ്തുത ഹദീഥിനുണ്ടെങ്കിൽ മുൻഗാമികൾ അത് ചൂണ്ടികാണിക്കുമായിരുന്നു. അതുണ്ടായിട്ടില്ല. വാസ്തവത്തിൽ മുൻഗാമികൾ ഇതിനെ വിമർശിക്കേണ്ടതായിരുന്നു എന്നാണ് മടവൂരികൾ പറയാനുദ്ദേശിക്കുന്നത്. പക്ഷെ, അതു തുറന്ന് പറഞ്ഞാൽ മടവൂരിസത്തിന് ഉള്ള അഡ്രസ്സും ഇല്ലാതാകും എന്നതിനാലാവാം സാധ്യതയിൽ ഒതുക്കിയത്. ഇനി, തങ്ങളുടെ മുഅ്തസിലി വാദങ്ങളെ സ്ഥാപിക്കാൻ വേണ്ടി ഇവർ ക്വുർആനിന്റെ പേരിൽ പോലും ഇല്ലാത്തത് പറയാൻ തയ്യാറായിട്ടുണ്ട് എന്നറിയുമ്പോഴാണ് മടവൂരികളുടെ മുഅ്തസിലി പ്രേമത്തിന്റെ ആഴം അളക്കുവാൻ നമുക്കാവുക. നരകം ഇപ്പോഴും കത്തിക്കൊണ്ടിരിക്കുന്നുണ്ട് എന്ന് വ്യക്തമായി പറയുന്ന ഒരു ഹദീഥിനെ ദുർവ്യാഖ്യാനിച്ച് മടവൂരികൾ എഴുതുന്നത് നോക്കുക

''ഇതൊരു സാഹിത്യ പ്രയോഗമാണ്..... നരകം അന്ത്യനാളിലാണ് കത്തിക്കപ്പെടുക എന്നും ഖുർആൻ പ്രസ്താവിക്കുന്നു.'' (സുല്ലമിയുടെ ബുഖാരി പരിഭാഷ 1/359).

നരകം ഇപ്പോൾ തന്നെ കത്തിക്കൊണ്ടിരിക്കുന്നുണ്ട് എന്നതിന് നിരവധി തെളിവുകൾ നാം കണ്ടുകഴിഞ്ഞു. എന്നാൽ നരകം ഇപ്പോഴും കത്തിക്കൊണ്ടിരിക്കുന്നു എന്ന് ഹദീഥിൽ വന്നത് സാഹിത്യ പ്രയോഗമാണെത്രെ! മടവൂരികളുടെ സാഹിത്യബോധം അപാരംതന്നെ! തീർന്നില്ല, നരകം ക്വിയാമത്ത് നാളിലാണ് കത്തിക്കപ്പെടുക എന്ന് ക്വുർആനിലുണ്ടെന്ന് ക്വുർആനിന്റെ പേരിൽ ഒരു ശുദ്ധ നുണയും ഇവർ തട്ടി വിട്ടിരിക്കുന്നു. നരകം അന്ത്യ ദിനത്തിലാണ് ആദ്യമായി കത്തിക്കപ്പെടുന്നത് എന്ന് അല്ലാഹു പറഞ്ഞതായി ക്വുർആനിൽ കാണിക്കാൻ ഭൂമിലോകത്തുള്ള സകല മടവൂരികളോടും ആവശ്യപ്പെടുന്നു. അങ്ങനെ ഒരായത്ത് അല്ലാഹുവിന്റെ കിതാബിൽ കാണിക്കാൻ മടവൂരീ പുരോഹിതന്മാർക്ക് അന്ത്യനാൾ വരേക്കും സാധിക്കില്ല. തീർച്ച. അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ പേരിൽ എന്ത് നെറികേടും എഴുതിവിടാം എന്നാണോ ഇവരുടെ ധാരണ? ഇത് പറയുമ്പോൾ മടവൂരികൾ ഒരുപക്ഷെ ദുർവ്യാഖ്യാനിച്ചേക്കാവുന്നത്, സൂറ: തക്വീറിലെ (81:12) وَ إِذَا الْجَحِيمُ سُعِّرَتْ എന്ന എന്ന ആയത്തായിരിക്കും. ഈ ആയത്തിൽ നരകം ക്വിയാമത്ത് നാളിലാണ് കത്തിക്കപ്പെടുക എന്നല്ല ഉള്ളത്. മറിച്ച്, കത്തിക്കൊണ്ടിരിക്കുന്ന നരകം ഒന്നു കൂടി ആളിക്കത്തിക്കപ്പെടും എന്ന് മാത്രമാണുള്ളത്. ഈ ആയത്തിന്റെ വിശദീകരണത്തിൽ ഒരൊറ്റ മുഫസ്സിറും മടവൂരികൾ നൽകിയതുപോലെ ഒരു ആശയം നൽകിയിട്ടില്ല. മാത്രവുമല്ല, അമാനി മൗലവി(റഹി) ഈ ആയത്തിനെ വിശദീകരിച്ച് കൊണ്ടു എഴുതുന്നത് നോക്കൂ:

‘‘എത്രയോ കാലമായി കത്തിജ്വലിച്ചു കൊണ്ടിരിക്കുന്ന നരകം അന്ന് പ്രത്യേകം ആളിക്കത്തിക്കപ്പെടുന്നു.’’

അപ്പോൾ അന്ത്യനാളിലാണ് നരകം കത്തിക്കപ്പെടുക എന്ന് ക്വുർആനിലുണ്ടെന്ന് മടവൂരികൾ തട്ടിവിട്ടത് അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ പേരിലുള്ള കളവാണ്. അല്ലാഹു പറഞ്ഞത് അപ്പടി സ്വീകരിച്ചാൽ പിന്നെ സ്വർഗനരകം അന്ത്യനാളിലാണ് സൃഷ്ടിക്കപ്പെടുക എന്ന മുഅ്തസിലി അഖീദയുമായ നടക്കുന്ന മടവൂരികളുടെ വാദം തകരുമല്ലോ. അതിന് അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ പേരിൽ ഒരു നുണ പാസാക്കുക തന്നെ. അതാണ് അവർ ചെയ്തതും. പരലോകം പ്രസംഗിക്കാൻ മാത്രമുള്ളതല്ല എന്ന് മനസ്സിലാക്കിയാൽ നന്ന്.

ക്വുർആനിന്റെ പേരിൽ ഇല്ലാത്തത് പറയാൻ ധൈര്യം കാട്ടുന്നവർ, പൂർവിക പണ്ഡിതരുടെ പേരിൽ കളവുപറയാൻ ധൈര്യം കാണിക്കുമോ എന്നവിഷയത്തിൽ തെല്ലും സന്ദേഹത്തിന് വകയില്ല. സലഫിപണ്ഡിതന്മാരുടെ പേരിൽ മടവൂരികൾ കാച്ചിവിട്ട ഒരു നുണയാണ് ഇനി നിങ്ങൾ കാണാൻ പോവുന്നത്. വിഷയം സ്വർഗനരകവുമായി ബന്ധമുള്ളതു തന്നെയാണ്. നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന കാഫിറുകൾക്ക് അതിൽ നിന്ന് ഒരിക്കലും പുറത്ത് വരാൻ കഴിയില്ല, അവരതിൽ നിത്യവാസികളായിരിക്കും എന്നത് ക്വുർആൻ നിരവധി സ്ഥലങ്ങളിൽ ആവർത്തിച്ച് പഠിപ്പിച്ചതാണ്. അല്ലാഹു പറയുന്നത് കാണുക:

‘‘നരകത്തിൽ നിന്ന് പുറത്ത് കടക്കാൻ അവരാഗ്രഹിക്കും. അതിൽ നിന്ന് പുറത്ത് പോകാനവർക്ക് സാധ്യമാകുകയേ ഇല്ല. നിരന്തരമായ ശിക്ഷയാണ് അവർക്കുള്ളത്.’’(5:37)

അതേസമയം നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പാപികാളായ വിശ്വാസികളെ അവരുടെ ശിക്ഷാ കാലാവധി തീർന്നാൽ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതാണ്. നിരവധി ഹദീഥുകളിലൂടെ ഇക്കാര്യം സ്ഥിരപ്പെട്ടതാണ്. അതേ സമയം കാഫിറുകൾക്കൊരിക്കലും നരകമോചനം സാധ്യമാവാത്തതിനാൽ നരകത്തിൽ ആളുകൾ പ്രവേശിപ്പിക്കപ്പെട്ടതിനുശേഷം നരകം കാലിയാവുന്ന ഒരവസ്ഥ ഒരിക്കലും ഉണ്ടാവുകയില്ല. എന്നാൽ മടവൂരികൾ എഴുതുന്നത് കാണുക:

‘‘നരകം തന്നെ അവസാനം കാലിയാകുമെന്ന് പരിശുദ്ധ ഖുർആനും ഹദീഥുകളും തെളിവ് പിടിച്ച് വലിയൊരു വിഭാഗം സലഫീ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. യഥാസ്ഥിതിക വിഭാഗം ബഹുമാനിക്കുന്ന പണ്ഡിതന്മാരും അവരിലുണ്ട്. സ്വഹാബീ വര്യന്മാരിൽ പ്രഗൽഭരായ ഒരു വിഭാഗവും.’’(ബുഖാരിപരിഭാഷ. സുല്ലമി, 3/732.)

നഊദുബില്ലാഹ്! നരകം അവസാനം കാലിയാകുമെന്നാണ് വലിയൊരു വിഭാഗം സലഫീ പണ്ഡിതന്മാരുടെ അഭിപ്രായമത്രേ! മടവൂരികൾ കണ്ട സലഫിയ്യത്ത് ആനയെ അറിയാൻ പോയ അന്ധമാരെകാൾ കഷ്ടമാണെന്ന് നാം പറയുന്നത് വെറുതയല്ല. അവസാനം നരകം കാലിയാകും എന്ന് അഭിപ്രായപ്പെട്ട ഏതെങ്കിലും ഒരു സലഫീ പണ്ഡിതനെ മടവൂരികൾക്ക് ഉദ്ധരിക്കാൻ ആകുമോ? നരകം അവസാനം കാലിയാകും എന്ന് അഭിപ്രായം പറഞ്ഞതായി സ്വഹാബിവാര്യന്മാരിൽ നിന്ന് ആരുടെയെങ്കിലും ഒരു വാചകം ശരിയായ പരമ്പരയോടെ ഉദ്ധരിക്കാൻ മടവൂരികൾക്ക് ത്രാണിയുണ്ടോ? അല്ലാഹുവിന്റെ ദീനിന്റെ വിഷയത്തിൽ വായിൽ തോന്നിയത് വിളിച്ച് കൂവുന്ന മടവൂരികളുടെ കാര്യം മഹാകഷ്ടംതന്നെ! അതേസമയത്ത്, കാഫിറുകൾ മാത്രമാവുന്ന അവസ്ഥയിൽ കാഫിറുകളെയും കൂട്ടി നരകത്തെ അല്ലാഹു നശിപ്പിച്ചേക്കുമെന്ന് പിൽകാലക്കാരായ ചിലർ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ചില സ്വഹാബികളിൽ നിന്നും ഇത്തരമൊരഭിപ്രായം ചിലർ ഉദ്ധരിച്ചിട്ടുണ്ട്. പക്ഷെ അതൊന്നും തന്നെ ശരിയായ പരമ്പരയൊടെയല്ല. അത് കൊണ്ടു തന്നെ ആ അഭിപ്രായം പരിഗണനീയമല്ല. ഏതായാലും മടവൂരികൾ പറഞ്ഞതുപോലെ ഒരു സലഫീഫിണ്ഡിതനും പറഞ്ഞതായി എവിടെയും ഉദ്ധരിക്കപ്പെടുന്നില്ല.

(വിശദവിവരങ്ങൾക്ക് പ്രഗത്ഭ പണ്ഡിതനായ ശൈഖ് അൽബാനി(റ)യുടെ അടിക്കുറിപ്പുകളോട് കൂടിയ ശർഹുൽ അഖിത്തിത്വഹാവിയ്യ: 428–430, അൽ ബാനിയുടെ സിൽസിലത്തു ളഈഫ

3420ം നമ്പർ ഹദീഥിന്റെ വിശദീകരണം എന്നിവകാണുക.) അതിനാൽ തങ്ങൾക്ക് തോന്നിയ അഭിപ്രായം ദീനിന്റെ പേരിൽ പറഞ്ഞ് അതിനെ സ്വഹാബത്തിന്റെയും സലഫുസ്സാലിഹുകളുടെയും തലയിലേക്ക് വലിച്ചിടുന്ന ഈ അഭ്യാസം ചുരുക്കിപ്പറഞ്ഞാൽ വളരെ മോശമാണെന്ന് മടവൂരികളെ ഓർമിപ്പിക്കുന്നു.

തങ്ങളുടെ മുഅ്തസിലീ പൂപ്പൽ ബാധിച്ച തലമണ്ട കൊണ്ട് സബി(സ്വ)യുടെ ഹഥീദുകളെ അളക്കാറുള്ള മടവൂരികൾ അവർക്ക് ഉൾകൊള്ളാനാവാത്തതിനെയെല്ലാം ഒന്നുകിൽ ആലങ്കാരികം എന്ന് പറഞ്ഞ് തള്ളും. അതുമല്ലെങ്കിൽ അതിനെയങ്ങ് നിഷേധിക്കുകയും ചെയ്യും. ഇതിന് ചില ഉദാഹരണങ്ങൾ നാം കണ്ടു കഴിഞ്ഞു. ഒരു ഉദാഹരണം കൂടി കാണുക.

സ്വർഗനരകങ്ങൾക്കും ആകാശങ്ങൾക്കും വാതിലുകളുണ്ടെന്ന് ക്വുർആനിലും ഹദീഥിലും വന്നിട്ടുള്ള സംഗതിയാണ്. ആകാശത്തിന്റെ വാതിലുകളെ കുറിച്ച് താഴെയുള്ള ആയത്തുകളിൽ പരാമർശമുണ്ട്:

فَلَمَّا نَسُواْ مَا ذُكِّرُواْ بِهِۦ فَتَحۡنَا عَلَيۡهِمۡ أَبۡوَٰبَ كُلِّ شَيۡءٍ حَتَّىٰٓ إِذَا فَرِحُواْ بِمَآ أُوتُوٓاْ أَخَذۡنَٰهُم بَغۡتَةً فَإِذَا هُم مُّبۡلِسُونَ

“അങ്ങനെ അവരോട് ഉൽബോധിപ്പിക്കപ്പെട്ട കാര്യങ്ങൾ അവർ മറന്നുകളഞ്ഞപ്പോൾ എല്ലാ കാര്യങ്ങളുടെയും വാതിലുകൾ നാം അവർക്ക് തുറന്നുകൊടുത്തു. അങ്ങനെ അവർക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ലാദം കൊണ്ടപ്പോൾ പെട്ടെന്ന് നാം അവരെ പിടികൂടി. അപ്പോൾ അവരതാ നിരാശപ്പെട്ടവരായിത്തീരുന്നു.” (6:44)

إِنَّ ٱلَّذِينَ كَذَّبُواْ بِـَٔايَٰتِنَا وَٱسۡتَكۡبَرُواْ عَنۡهَا لَا تُفَتَّحُ لَهُمۡ أَبۡوَٰبُ ٱلسَّمَآءِ وَلَا يَدۡخُلُونَ ٱلۡجَنَّةَ حَتَّىٰ يَلِجَ ٱلۡجَمَلُ فِي سَمِّ ٱلۡخِيَاطِۚ وَكَذَٰلِكَ نَجۡزِي ٱلۡمُجۡرِمِينَ

“നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുതള്ളുകയും, അവയുടെ നേരെ അഹങ്കാരം നടിക്കുകയും ചെയ്തവരാരോ അവർക്ക് വേണ്ടി ആകാശത്തിന്റെ കവാടങ്ങൾ തുറന്നു കൊടുക്കപ്പെടുകയേയില്ല. ഒട്ടകം സൂചിയുടെ ദ്വാരത്തിലൂടെ കടന്ന് പോകുന്നത് വരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല. അപ്രകാരമാണ് നാം കുറ്റവാളികൾക്ക് പ്രതിഫലം നൽകുന്നത്.” (7:40)

فَفَتَحۡنَآ أَبۡوَٰبَ ٱلسَّمَآءِ بِمَآءٍ مُّنۡهَمِرٍ

“അപ്പോൾ കുത്തിച്ചൊരിയുന്ന വെള്ളവും കൊണ്ട് ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നു.” (54:11)

നരകത്തിന് ഏഴ് വാതിലുകളുണ്ടെന്ന് താഴെയുള്ള ആയത്തിൽ കാണാം:

لَهَا سَبۡعَةُ أَبۡوَٰبٍ لِّكُلِّ بَابٍ مِّنۡهُمۡ جُزۡءٌ مَّقۡسُومٌ

“അതിന് ഏഴ് കവാടങ്ങളുണ്ട്. ഓരോ വാതിലിലൂടെയും കടക്കുവാനായി വീതിക്കപ്പെട്ട ഓരോ വിഭാഗം അവരിലുണ്ട്.” (15:44)

സ്വർഗത്തിന്റെ വാതിലുകളെ കുറിച്ച് ഖുർആനിന്റെ പ്രസ്താവനകൾ കാണുക:

جَنَّٰتُ عَدۡنٍ يَدۡخُلُونَهَا وَمَن صَلَحَ مِنۡ ءَابَآئِهِمۡ وَأَزۡوَٰجِهِمۡ وَذُرِّيَّٰتِهِمۡۖ وَٱلۡمَلَٰٓئِكَةُ يَدۡخُلُونَ عَلَيۡهِم مِّن كُلِّ بَابٖ * سَلَٰمٌ عَلَيۡكُم بِمَا صَبَرۡتُمۡۚ فَنِعۡمَ عُقۡبَى ٱلدَّارِ

''അതായത്, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരും, അവരുടെ പിതാക്കളിൽ നിന്നും, ഇണകളിൽ നിന്നും സന്തതികളിൽ നിന്നും സദ്വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്. മലക്കുകൾ എല്ലാ വാതിലിലൂടെയും അവരുടെ അടുക്കൽ കടന്നുവന്നിട്ട് പറയും: നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം! അപ്പോൾ ലോകത്തിന്റെ പര്യവസാനം എത്ര നല്ലത്!'' (13:23, 24)

جَنَّٰتِ عَدۡنٍ مُّفَتَّحَةً لَّهُمُ ٱلۡأَبۡوَٰبُ

''അവർ അവിടെ ചാരി ഇരുന്നു വിശ്രമിച്ചുകൊണ്ട് സമൃദ്ധമായുള്ള ഫലവർഗങ്ങൾക്കും പാനീയത്തിനും ആവശ്യപ്പെട്ട് കൊണ്ടിരിക്കും.'' (38:50)

وَسِيقَ ٱلَّذِينَ ٱتَّقَوۡاْ رَبَّهُمۡ إِلَى ٱلۡجَنَّةِ زُمَرًاۖ حَتَّىٰٓ إِذَا جَآءُوهَا وَفُتِحَتۡ أَبۡوَٰبُهَا وَقَالَ لَهُمۡ خَزَنَتُهَا سَلَٰمٌ عَلَيۡكُمۡ طِبۡتُمۡ فَٱدۡخُلُوهَا خَٰلِدِينَ

''തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്ന് വെക്കപ്പെട്ട നിലയിൽ അവർ അതിന്നടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേശിച്ചു കൊള്ളുക.'' (39:73)

റമദാൻ മാസം സമാഗതമായാൽ ആകാശത്തിന്റെ വാതിലുകളും സ്വർഗത്തിന്റെ വാതിലുകളും തുറക്കപ്പെടുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും ചെയ്യുമെന്ന നബി(സ്വ)യുടെ വചനം (ബുഖാരി) കേൾക്കാത്ത മുസ്ലിംകൾ വിരളമായിരിക്കും. എന്നാൽ റസൂലുല്ലാഹി(സ്വ) പഠിപ്പിച്ച ഈ കാര്യം പക്ഷെ, മടവൂരികളുണ്ടോ അംഗീകരിക്കുന്നു.? എന്തിനേയും തങ്ങളുടെ ''നിറഞ്ഞ് തുളുമ്പുന്ന സാഹിത്യ ബോധം'' കൊണ്ട് ആലങ്കരികാമാക്കലാണല്ലോ അവരുടെ പതിവ്. സ്വർഗങ്ങളുടെയും ആകാശങ്ങളുടെയും വാതിലുകൾ തുറക്കപ്പെടുമെന്നും നരകവാതിൽ അടക്കപ്പെടും എന്നും നബി(സ്വ) പറഞ്ഞതിനെ കുറിച്ച് മടവൂരികളുടെ വെടി കാണുക:

''സ്വർഗത്തിന്റെ വാതിലുകൾ മനുഷ്യരായ നാം നന്മ ചെയ്ത് തുറക്കണം. തിന്മകൾ വർജിച്ച് നരകത്തിന്റെ വാതിലുകൾ നാം തന്നെ ബന്ധിപ്പിക്കണം. അങ്ങനെ പിശാചുകളെ ചങ്ങലയിൽ ബന്ധിപ്പിക്കപ്പെട്ട അവസ്ഥ നാം തന്നെ ഉണ്ടാക്കണം. ഇതാണ് ഹദീഥിന്റെ വിവക്ഷ. അല്ലാഹു ബന്ധിപ്പിക്കുമെന്ന് ഹദീഥിൽ പറയുന്നില്ല''. (ബുഖാരി പരിഭാഷ.സുല്ലമി: 2/417).

അപ്പോൾ സ്വർഗത്തിന്റെ വാതിലുകൾ തുറക്കപ്പെടുമെന്നാൽ, മുനുഷ്യർ നന്മ ചെയ്ത് അതുതുറക്കണം എന്നാണത്രേ വിവക്ഷ! നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുമെന്ന് നബി(സ്വ) പറഞ്ഞാൽ മടവൂരികൾ പറയും അല്ല മനുഷ്യന്മാർ തിന്മവെടിഞ്ഞ് അതിനെ അടക്കലാണെന്ന്! പോക്കിരികളായ പിശാചുക്കളെ ചങ്ങലയിൽ ബന്ധിപ്പിക്കപ്പെടുന്ന അവസ്ഥയുണ്ടാവും എന്നതിന്റെ വിവക്ഷ നാം അത്തരമൊരവസ്ഥ ഉണ്ടാക്കണമെന്നാണത്രേ! ഇങ്ങനെയൊരു വിവക്ഷ

ഹദീഥിന് ആരാണ് പറഞ്ഞതെന്ന് മടവൂരികൾ തെളിയിക്കണം. സ്വർഗനരകങ്ങളുടെ വാതിലുകൾ തുറക്കപ്പെടും, അടക്കപ്പെടും എന്നൊക്കെ അപ്പടി വിശ്വസിച്ചാൽ, പിന്നെ സ്വർഗനരകങ്ങൾ ഇപ്പോൾ തന്നെ പടക്കപ്പെട്ടിട്ടുണ്ട് എന്നംഗീകരിക്കേണ്ടി വരുമല്ലോ. അപ്പോൾ പിന്നെ തങ്ങളുടെ മുഅ്തസിലീ വിശ്വാസം തകരും. അതിനാൽ തങ്ങളുടെ വക ഒരു വിവക്ഷയങ്ങ് കണ്ടെത്തുക തന്നെ. ഹദീഥിനെ ദുർവ്യാഖ്യാനിച്ചിട്ടാണെങ്കിലും തങ്ങളുടെ മുഅ്തസിലീ അഖീദ നില നിർത്താൻ മടവൂരികൾ നടത്തുന്ന ഈ അഭ്യാസങ്ങൾ ഏറെ പരിതാപകരം എന്നേ നമുക്ക് പറയാനുള്ളൂ.

ഇനി, സ്വർഗ നരകങ്ങളുടെ വാതിലുകൾ യഥാർത്ഥത്തിൽ തുറക്കപ്പെടുകയോ അടക്കപ്പെടുകയോ ചെയ്യുന്നില്ല എന്ന മടവൂരികളുടെ വാദത്തിന് അവർ പറഞ്ഞ ഒരു''തെളിവാണ്'' ബഹുരസം. സ്വർഗനരകങ്ങളുടെ വാതിലുകൾ അല്ലാഹു ബന്ധിപ്പിക്കുമെന്ന് ഹദീഥിൽ പറയുന്നില്ലത്രേ! എന്റെ പിതാവ് വന്നു എന്ന് പറഞ്ഞാൽ തന്നെ എന്റെ പിതാവ് മുഹമ്മദ് വന്നൂ എന്നാണർഥം. മുഹമ്മദ് എന്ന് പറഞ്ഞിട്ടില്ലെങ്കിലും ബുദ്ധിയുള്ളവർക്ക് മനസ്സിലാവും. പക്ഷെ ബുദ്ധി ഓവറായവർക്ക് ചിലപ്പോൾ അതു തിരിഞ്ഞെന്നു വരില്ല. നോക്കൂ! റസൂലുല്ലാഹി(സ്വ) പഠിപ്പിച്ച ഒരു സംഗതിയെ, തങ്ങളുടെ മുഅ്തസിലീ അഖീദ നില നിർത്താൻ വേണ്ടി, എന്തെല്ലാം മണ്ടത്തരങ്ങളും ദുർന്യായങ്ങളും പറഞ്ഞാണ് ഇവർ നിഷേധിച്ചിരിക്കുന്നത്! അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ച സംഗതികൾ നേരാംവണ്ണം സ്വീകരിക്കാൻ ഞങ്ങൾ തയ്യാറല്ല എന്നല്ലേ ഇതിലൂടെ ഇവർ വിളിച്ചു പറഞ്ഞ് കൊണ്ടിരിക്കുന്നത്. സ്വർഗത്തിന്റെ വാതിലുകൾ യഥാർത്ഥത്തിൽ തുറക്കപ്പെടും, നരകത്തിന്റെ വാതിലുകൾ യഥാർത്ഥത്തിൽ തന്നെ അടക്കപ്പെടും എന്ന് സലഫുസ്സ്വാലിഹുകൾ വിശ്വസിച്ചത് പോലെ വിശ്വസിച്ചാൽ എന്ത് ചേതമാണ് മടവൂരികൾക്ക് വരാനുള്ളത്? സ്വർഗനരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന മുഅ്തസിലീ വിശ്വാസം ഇവരെ എത്ര ഗുരുതരമായ വഴികേടിലാണ് എത്തിച്ചിരിക്കുന്നത് എന്ന് ഇപ്പോൾ നിങ്ങൾക്ക് ബോധ്യമായല്ലോ.

ചുരുക്കത്തിൽ, പരലോക വിശ്വാസവുമായി ബന്ധപ്പെട്ട സ്വർഗനരകങ്ങളുടെ സൃഷ്ടിപ്പും അവയുടെ അവസ്ഥയും സംബന്ധിച്ചുള്ള സലഫിന്റെ വിശ്വാസത്തിൽ നിന്ന് തീർത്തും ഭിന്നമാണ് മടവൂരികളുടെ വിശ്വാസമെന്നതിന് നിരവധി തെളിവുകൾ നിങ്ങൾ കണ്ടു കഴിഞ്ഞു. ഇനി പറയൂ, സ്വർഗനരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന മുഅ്തസിലീ വിശ്വാസം പേറിനടക്കുന്ന, നരകം അന്ത്യനാളിലാണ് കത്തിക്കപ്പെടുക എന്ന് ക്വുർആനിലില്ലാത്തത് ക്വുർആനിന്റെ പേരിൽ കളവ് എഴുതിവിട്ട, നരകം കാലിയാകും എന്ന സലഫിന് പരിചയമില്ലാത്ത വിശ്വാസം സലഫികളുടെ മേൽചാർത്തുന്ന, സ്വർഗനരക വാതിലുകളെ കുറിച്ച് നബി(സ്വ) പഠിപ്പിച്ച യാഥാർത്ഥ്യത്തെ ദുർവ്യാഖ്യാനിക്കുന്ന ഇവർ, സലഫികളാണെന്ന് പറയാൻ സലഫീഅഖീദ പഠിച്ച ഒരാൾക്ക് കഴിയുമോ?! ഇല്ല എന്ന് തീർച്ചയാണല്ലോ. പക്ഷെ വിശ്വാസ കാര്യങ്ങളിൽ തന്നെ ഈ വിധത്തിൽ സലഫീ വിരുദ്ധ അഖീദയുമായി നടക്കുന്ന ഇവരാണിപ്പോൾ മുജാഹിദുകൾക്ക് തൗഹീദ് പഠിപ്പിക്കാനിറങ്ങിയിരിക്കുന്നത്! ഏതായാലും കേരളത്തിലെ മുജാഹിദുകൾക്ക് ഒന്നേ പറയാനുള്ളൂ. മടവൂരികളുടെ മുഅ്തസിലീ തൗഹീദ് മുജാഹിദുകളോട് നിങ്ങൾ വിളമ്പേണ്ട. അത് തിരിച്ചറിയാനുള്ള ആദർശ ആർജ്ജവം കേരളമുജാഹിദുകൾക്കുണ്ട്. അതിനാൽ നവയാഥസ്ഥികത്വത്തിന്റെ കൊട്ട മടവൂരികളുടെ തലയിൽ തന്നെ ഇരിക്കുന്നതാണ് ഭംഗി. അത് മുജാഹിദുകൾക്കാവശ്യമില്ല.